**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2214** **16-03-2022 - ൽ മറുപടിയ്ക്ക്**

**എളവള്ളി ഫാമിലി ഹെൽത്ത് സെന്ററിന് ചുറ്റുമതിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ എം.എൽ.എ.യുടെ പ്രത്യേക വികസന ഫണ്ട് (എസ്.ഡി.എഫ്)-ൽ നിന്നും 9 ലക്ഷം രൂപ വിനിയോഗിച്ച് മണലൂർ മണ്ഡലത്തിലെ എളവള്ളി ഫാമിലി ഹെൽത്ത് സെന്ററിന് ചുറ്റുമതിൽ നിർമ്മിക്കുന്ന പ്രവൃത്തി കോസ്റ്റ് ഫോർഡിനെ ഏൽപ്പിക്കുകയുണ്ടായെങ്കിലും പ്രസ്തുത പ്രവൃത്തി ആരംഭിക്കാനായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്, എളവള്ളി FHCയുടെ കൈവശം ആകെ 94 സെന്റ് സ്ഥലമാണ് ഉള്ളത്. ആയതിൽ വടക്കുഭാഗത്ത് 2.5 സെന്റും തെക്കുഭാഗത്ത് 1.7 സെന്റും സ്ഥലം വഴിയായി ഉപയോഗിക്കുന്നു. 0.5 സെന്റ് സ്ഥലം PWD റോഡിനായി പോയിട്ടുള്ളതാണ്. ഏകദേശം 4.7 സെന്റ് സ്ഥലം വഴിയായി കിടക്കുന്നതിനാലാണ് എഫ്.എച്ച്.സിയുടെ നിശ്ചിത സ്ഥലത്ത് ചുറ്റുമതിൽ നിർമ്മാണത്തിന്റെ പ്രവർത്തനം തടസ്സമായി നിൽക്കുന്നത്. |
| (ബി) | പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്, എളവള്ളി FHCയുടെ കൈവശം ആകെ 94 സെന്റ് സ്ഥലമാണ് ഉള്ളത്. ആയതിൽ വടക്കുഭാഗത്ത് 2.5 സെന്റും തെക്കുഭാഗത്ത് 1.7 സെന്റും സ്ഥലം വഴിയായി ഉപയോഗിക്കുന്നു. 0.5 സെന്റ് സ്ഥലം PWD റോഡിനായി പോയിട്ടുള്ളതാണ്. ഏകദേശം 4.7 സെന്റ് സ്ഥലം വഴിയായി കിടക്കുന്നതിനാലാണ് എഫ്.എച്ച്.സിയുടെ നിശ്ചിത സ്ഥലത്ത് ചുറ്റുമതിൽ നിർമ്മാണത്തിന്റെ പ്രവർത്തനം തടസ്സമായി നിൽക്കുന്നത്. |
| (സി) | പ്രസ്തുത പ്രവൃത്തി യാഥാർത്ഥ്യമാക്കുന്നതിന് വേണ്ട സത്വര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (സി) | എളവള്ളി എഫ്.എച്ച്.സിയുടെ വലതുഭാഗത്ത് പുറകിലായി പുതിയ ലാബ് കെട്ടിടവും ഇടതുഭാഗത്ത് Image Store ഉം പ്രവർത്തിക്കുന്നുണ്ട്. മേൽ രണ്ട് സ്ഥലത്തേയ്ക്കുള്ള വാഹന ഗതാഗതം FHC കോമ്പൗണ്ടിലൂടെ പ്രവേശിക്കുന്ന രോഗികൾക്ക് അപകട ഭീഷണി ഉണ്ടാകുവാൻ സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ, FHCയുടെ ഇടതും വലതും പ്രത്യേകം വഴി മാറ്റി നിർത്തി മതിൽ കെട്ടുന്നതിന് മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് എളവള്ളി ഗ്രാമാപഞ്ചായത്ത് തീരുമാനം എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ